മംഗളം

04 May 2017

# മത്സ്യത്തൊഴിലാളി കർഷകസംഗമം

കൊച്ചി: കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം നാളെ രാവിലെ 10.30 ന് തുടങ്ങുന്ന മത്സ്യത്തൊഴിലാളി മത്സ്യ കർഷകപ്രതിനിധി സംഗമത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് സംസാരിക്കും.

ഈ മേഖലയിൽ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിനുമായി മന്ത്രി മത്സ്യത്തൊഴിലാളി, കർഷക പ്രതിനിധികളുമായി ചർച്ച നടത്തും.

സി.എം.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞരുമായും മന്ത്രി പ്രത്യേകചർച്ച നടത്തും.

രാവിലെ 9.30ന് മന്ത്രി സി.എം.എഫ്.ആർ.ഐയിലെ മ്യൂസിയം സന്ദർശിക്കും. വിവിധയിനം വറ്റ മത്സ്യങ്ങളെ തിരിച്ചറിയുന്നതിനുവേണ്ടി സി.എം.എഫ്.ആർ.ഐയിലെ ഉപരിതലമത്സ്യ ഗവേഷണ വിഭാഗം പുറത്തിറക്കിയ കൈപ്പുസ്തകം കേന്ദ്രമന്ത്രി പ്രകാശനം ചെയ്യും.